(സി) പരസ്യയിനം, വാടക എന്നീയിനങ്ങളിൽ പ്രതിമാസം 1,50,11,946 രൂപ ലഭിക്കുന്നു. കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ ശരാശരി വരുമാനം 170 കോടി രൂപയും ചെലവ് ശരാശരി 260 കോടി രൂപയുമാണ്.

(ഡി) ഒക്ടോബർ മാസത്തെ കണക്ക് പ്രകാരം പ്രതിദിനം ശരാശരി 26,77,159 യാത്രക്കാർ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രചെയ്യുന്നുണ്ട്. 1-4-2015 മുതലാണ് 15 രൂപ ടിക്കറ്റ് നിരക്കിന് മുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽനിന്നും സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിൽ ഈക ഈടാക്കി വരുന്നത്. ഈ ഇനത്തിൽ പ്രതിമാസം 6 കോടിയിൽ പരം രൂപ ലഭ്യമാകുന്നുണ്ട്.

(ഇ) 2015 ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിലെ ശരാശരി വരുമാനം 12 കോടി 36 ലക്ഷം രൂപയും, ശരാശരി ചെലവ് 8 കോടി 60 ലക്ഷം രൂപയുമാണ്.

(എഫ്) കെ.എസ്.ആർ.ടി.സി. പ്രതിദിനം ശരാശരി 14,99,806 കിലോമീറ്ററാണ് സർവ്വീസ് നടത്തുന്നത്. ജൻറം ബസ് ഉൾപ്പെടെ പ്രതിദിനം ശരാശരി 5012 ഷെഡ്യൂളുകളാണ് കെ.എസ്.ആർ.ടി.സി. നടത്തിവരുന്നത്. ഇതിൽ 346 സർവ്വീസുകൾ അന്തർ സംസ്ഥാന സർവ്വീസുകളാണ്. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി.യുടെ ഉന്നത തസ്തികകളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥർ താന്താങ്ങളുടെ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരാണ്. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ശ്രീ. ആന്റണി ചാക്കോ കേരളത്തിലേയും കേന്ദ്രത്തിലേയും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചീഫ് എക്സിക്യൂട്ടീവായി പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള ഉദ്യോഗസ്ഥനാണ്. ജനറൽ മാനേജർ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളിൽ ചുമതല വഹിക്കുന്നവർ അതാത് മേഖലകളിൽ പ്രൊഫഷണൽ ബിരുദങ്ങൾ ഉള്ളവരാണ്.

ലോ ഫ്ളോർ ബസ്സ് സർവ്വീസ്

320 (2149) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലും എത്ര ലോ ഫ്ളോർ ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടെന്നും അവ ഏതെല്ലാം ഡിപ്പോകളുടെ കീഴിലാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബസ്സുകളിലെ കളക്ഷൻ എത്ര രൂകയാണെന്ന് റൂട്ട് തിരിച്ചും ജില്ലതിരിച്ചും വ്യകതമാക്കുമോ ;

(സി) ഏറ്റവും കൂടുതൽ കളക്ഷനുള്ളതും ഏറ്റവും കറവുള്ളതും ഏത് റൂട്ടുകളിലാണെന്ന് വ്യക്തമാക്കുമോ ; കറവ് കളക്ഷനുള്ള റൂട്ടുകളിലെ ബസ്സുകൾ കളക്ഷൻ കൂടുതലുള്ള റൂട്ടുകളിലേക്ക് മാറ്റുന്നകാര്യം പരിഗണിക്കുമോ ?

GPM.2/240/2020-50

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർക്കുന്നു*

(സി) അനുബന്ധം III ആയി ചേർക്കുന്നു.* കുറവ് കളക്ഷനുള്ള റൂട്ടുകളിലെ ബസ്സുകൾ കളക്ഷൻ കൂടുതലുള്ള റൂട്ടുകളിലേക്ക് മാറ്റുന്നകാര്യം പരിഗണിക്കുന്നതാണ്.

സംസ്ഥാനത്തെ വാഹനാപകടങ്ങൾ

321 (2150) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2013, 2014, 2015 വർഷങ്ങളിൽ സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ ;

ഉത്തരം

2013-ൽ 4258 പേരും 2014-ൽ 4049 പേരും 2015 ഒക്ടോബർ 30 വരെ 3101 പേരും വാഹനാപകടത്തിൽ മരണപ്പെട്ടിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

322 (2151) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഏതൊക്കെ തരത്തിലുള്ള (ഓർഡിനറി, ഫാസ്റ്റ്) സർവ്വീസുകളാണ് ഇപ്പോൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ സർവ്വീസിനും എത്ര ബസ്സുകളാണ് ഉപയോഗിക്കുന്നത് ; ഓരോ തരത്തിലുള്ള ബസ്സുകൾ ദിവസേന എത്ര സർവ്വീസുകൾ നടത്തുന്നുണ്ട് ;

(സി) എത്ര വിദ്യാർത്ഥികൾക്കാണ് കൺസെഷൻ ടിക്കറ്റുകൾ വിതരണം ചെയ്തിട്ടുള്ളത് ;

(ഡി) കൺസെഷൻ ടിക്കറ്റുകൾ ഉപയോഗിച്ച് ഏതെല്ലാം തരം സർവ്വീസ് ബസ്സുകളിലാണ് യാത്ര ചെയ്യാൻ അനുവദിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.